(ഡി)

ക്രമ നമ്പർ	പ്രാഥമിക സഹകരണ ബാങ്കുകളിലെ സ്ഥിര നിക്ഷേപ കാലാവധി	നിരക്ക്
1.	15 ദിവസം മുതൽ 45 ദിവസം വരെ	5.5%
2.	46 ദിവസം മുതൽ 179 ദിവസം വരെ	6.5%
3.	180 ദിവസം മുതൽ 364 ദിവസം വരെ	7%
4.	ഒരു വർഷം മുതൽ 3 വർഷം വരെ	7.75%
5.	മൂന്നു വർഷവും അതിനു മുകളിലും	8%

പുനർ വായ്പാ പലിശ നിരക്കിൽ നബാർഡ് കുറവ് വരുത്തുകയും നിക്ഷേപ പലിശ നിരക്കിൽ വീണ്ടും കുറവ് ഉണ്ടാവുകയും ചെയ്താൽ വായ്പകളിൽ ഈടാക്കുന്ന പലിശ നിരക്ക് കുറയ്ക്കുന്ന കാര്യം സെൻട്രൽ ബാങ്കുകളുടെ സമ്മേളനത്തിൽ പരിഗണിക്കുന്നതാണ്.

കംപ്യൂട്ടർവൽക്കരിച്ച സഹകരണ ബാങ്കുകൾ

102 [541] ശ്രീമതി മാലേത്ത് സരളാദേവി:
,, കെ. സി. ജോസഫ്:
,, തേറമ്പിൽ രാമകൃഷ്ണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർണ്ണമായും കംപ്യൂട്ടർവൽക്കരിച്ച എത്ര ജില്ലാ സഹകരണ ബാങ്കുകളുണ്ട്;

(ബി) ഭാഗികമായി കംപ്യൂട്ടർവൽക്കരിച്ച എത്ര ജില്ലാ സഹകരണ ബാങ്കുകളുണ്ട്;

(സി) എത്ര ജില്ലാ സഹകരണ ബാങ്കുകൾ എ.ടി.എം. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; ഏതെല്ലാം;

(ഡി) എ.ടി.എം. സൗകര്യം ബിസിനസ്സ് വർദ്ധനയ്ക്ക് സഹായകമാണെന്ന് കരുതുന്നുണ്ടോ;

(ഇ) എത്ര പ്രൈമറി സഹകരണ സ്ഥാപനങ്ങൾ കംപ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പൂർണ്ണമായും കംപ്യൂട്ടർവൽക്കരണം നടത്തിയ ജില്ലാ സഹകരണ ബാങ്കുകൾ ഇല്ല.

(ബി) 14 ജില്ലാ സഹകരണ ബാങ്കുകളിലും ഭാഗികമായി കംപ്യൂട്ടർ വൽക്കരണം നടത്തിയിട്ടുണ്ട്.

(സി) ജില്ലാ സഹകരണ ബാങ്കുകളിലൊന്നും എ. ടി. എം. സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

(ഡി) പ്രസക്തമല്ല.

(ഇ) 725.

സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ്

103 [543] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയന്റേയും സർക്കിൾ സഹകരണ യൂണിയന്റേയും മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഹൈക്കോടതി വിധിയിലൂടെ കാലാവധി നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) കോടതി വിധി എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) കോടതി വിധിക്കു ശേഷം തെരഞ്ഞെടുപ്പിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) തെരഞ്ഞെടുപ്പ് നടത്താൻ കോടതി നിർദ്ദേശിച്ച മാനേജിംഗ് കമ്മിറ്റിയുടെ ഘടന മാറ്റുന്നതിന് കോടതി വിധിക്കുശേഷം സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അടിയന്തിര സാഹചര്യം എന്തായിരുന്നു?

ഉത്തരം

(എ) നിർണ്ണയിച്ചിട്ടുണ്ട്. ഒ.പി. 20161/02-ന് മേൽ 9-10-2003-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ കോടതി വിധി കൈപ്പറ്റി മൂന്നു മാസത്തിനകം സംസ്ഥാന സഹകരണ യൂണിയന്റെ തെരഞ്ഞെടുപ്പ് നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly